JTC
Supdt C
pls. put up to issue order.
4/5/23

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

സംഗ്രഹം

ഗതാഗത വകുപ്പ്- കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി സി.എഫ്. പുതുക്കുന്നതിനുള്ള അനുമതിയോടു കൂടി 30.09.2024 വരെ നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.162/2023/TRANS തീയതി,തിരുവനന്തപുരം, 28-04-2023

---

പരാമർശം:-
1) കേന്ദ്ര ഗതാഗത മന്ത്രാലയം പുറപ്പെടുവിച്ച 16/01/2023-ലെ ജി.എസ്.ആർ.29(ഇ) നമ്പർ വിജ്ഞാപനം
2) കേന്ദ്ര ഗതാഗത മന്ത്രാലയം പുറപ്പെടുവിച്ച 29/03/2023-ലെ ജി.എസ്.ആർ.233(ഇ) നമ്പർ കരട് വിജ്ഞാപനം
3) സി.എം.ഡി, കെ.എസ്.ആർ.ടി.സിയുടെ 04/04/2023-ലെ ടി.ആർ.1/000027/2023 നമ്പർ കത്ത്

**ഉത്തരവ്**

1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ പരാമർശം (1) വിജ്ഞാപനം പ്രകാരം പുതുതായി ചേർക്കപ്പെട്ട ചട്ടം 52(A) പ്രകാരം കെ.എസ്.ആർ.ടി.സി (എസ്.റ്റി.യു.) യുടെ ഉടമസ്ഥതയിലുള്ളതും 15 വർഷം കഴിഞ്ഞതുമായ വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി 31.03.2023-ൽ അവസാനിച്ചിരിക്കുകയാണ്.

നിലവിൽ സർവ്വീസ് നടത്തി വരുന്ന കെ.എസ്.ആർ.ടി.സി.യുടെ അനവധി വാഹനങ്ങൾ നിരത്തുകളിൽ നിന്നും പിൻവലിച്ച സാഹചര്യം പൊതു ജനങ്ങൾക്ക സർക്കാർ നൽകി വന്നിരുന്ന താങ്ങാവുന്ന നിരക്കിലുള്ള പൊതുഗതാഗതത്തെ സാരമായി ബാധിച്ചിരിക്കുന്നുവെന്നും കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള ടാങ്കർ ട്രക്കുകൾ, മൊബൈൽ വർക്ക് ഷോപ്പ് വാനുകൾ, മറ്റ് വാഹനങ്ങൾ എന്നിവ കോർപ്പറേഷന്റെ ദൈനം ദിന പ്രവർത്തനത്തിന് അത്യന്ത്യാപേക്ഷിതമാണെന്നും ഈ സാഹചര്യം പൊതുജനങ്ങളുടെ യാത്രാ ക്ലേശം വർദ്ധിപ്പിക്കുന്നതാണെന്നും കെ.എസ്.ആർ.ടി.സി. സർക്കാരിനെ അറിയിച്ചിരിക്കുന്നു. കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ഭേദഗതി സ്റ്റേറ്റ് ട്രാൻസ്പോർട് അണ്ടർടേക്കിങ് വാഹനങ്ങൾക്ക് മാത്രം ബാധകമാകുകയും എന്നാൽ സ്വകാര്യ വാഹനങ്ങളെ പ്രസ്തുത ചട്ട ഭേദഗതിയുടെ പരിധിയിൽ ഉൾപ്പെടുത്താത്തതിനാൽ 15 വർഷം രജിസ്ട്രേഷൻ കാലാവധി പൂർത്തിയാക്കിയ സ്വകാര്യ വാഹനങ്ങൾ തുടർന്നും സർവീസ് നടത്തുവാൻ അനുമതി നൽകുന്നത് തികച്ചും വിവേചനപരമാണെന്നും പരാമർശം (2) പ്രകാരം 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 62-ൽ ഭേദഗതി വരുത്തുന്നതിനായി പുറപ്പെടുവിച്ച കരട് വിജ്ഞാപന പ്രകാരം 15 വർഷം രജിസ്ട്രേഷൻ കാലാവധി പൂർത്തീകരിച്ച ഹെവി മോട്ടോർ വാഹനങ്ങൾ ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളിൽ പരിശോധനയ്ക്ക് വിധേയമാകേണ്ട തീയതി 01.04.2023-ൽ നിന്നും 30.09.2024 വരെ നീട്ടി നൽകിയിരിക്കുകയും ചെയ്തതിനാൽ സ്വകാര്യ ബസ്സുകൾക്ക് ഓട്ടോമേറ്റഡ്

ടെസ്റ്റിംഗ് സ്റ്റേഷനുകളിൽ നിന്നും സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് ലഭ്യമാക്കാതെ തന്നെ സർവ്വീസ് നടത്തുവാൻ നിയമതടസ്സം ഇല്ലാതെയാവുകയാണെന്നും, അറിയിച്ചിട്ടുണ്ട്. കൂടാതെ 01.04.2023 മുതൽ കെ.എസ്.ആർ.ടി.സി.യുടെ 15 വർഷം രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ വാഹനങ്ങളുടെ രജിസ്ട്രേഷൻ സ്റ്റാറ്റസ് പരിവാഹൻ സോഫ്റ്റ്വെയറിൽ റദ്ദ് ചെയ്യുതിനാൽ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ളതും 15 വർഷം കാലാവധി പൂർത്തിയാക്കിയതുമായ 237 ബസ്സുകൾ, 6 ടാങ്കർ ട്രക്കുകൾ, 105 വർക്ക് ഷോപ്പ് വാനുകൾ, 36 മറ്റ് ഇതര വാഹനങ്ങൾ എന്നിവ ഒന്നുംതന്നെ ഉപയോഗിക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളതെന്നും മാത്രമല്ല, കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പുതിയ വാഹനങ്ങൾ ലഭ്യമാക്കുന്നതിന് വളരെയധികം കാലതാമസം നേരിടുമെന്നും ആയതിനാൽ 15 വർഷം പൂർത്തിയാക്കിയ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി 30/09/2024 വരെയോ കേന്ദ്ര സർക്കാർ വാഹന സോഫ്റ്റ്വെയർഇൽ വരെയോ ദീർഘിപ്പിച്ചുനൽകണമെന്നും പരാമർശം (3) പ്രകാരം, കെ.എസ്.ആർ.ടി.സി അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇപ്രകാരം സംസ്ഥാനത്തു നിലനിൽക്കുന്ന ഗൗരവ സാഹചര്യം 2023 ഏപ്രിൽ 17 -ന കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി ന്യൂ ഡൽഹിയിൽ വിളിച്ചു കൂട്ടിയ സംസ്ഥാന ഗതാഗത മന്ത്രിമാരുടെ യോഗത്തിൽ അവതരിപ്പിക്കുകയും ഈ വിഷയം കേന്ദ്ര സർക്കാർ പുനഃപരിശോധിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഈ ഗൗരവ സാഹചര്യം പൊതുജന താല്പര്യാർത്ഥം കേന്ദ്ര സർക്കാർ തീരുമാനം വരുന്നത് വരെ ഉടൻ ഒഴിവാക്കേണ്ടതുണ്ട്.

സർക്കാർ ഈവിഷയം പരിശോധിച്ചു. കെഎസ്.ആർ.ടി.സി.യുടെ വാഹനങ്ങൾ പൊതുനിരത്തുകളിൽ നിന്നും പിൻവലിക്കുന്നതുമൂലം നിലവിലുള്ള പൊതുഗതാഗത സംവിധാനത്തിൽ കുറവുണ്ടാകുമെന്നും, അനന്തര ഫലമായി പൊതുജനങ്ങൾക്ക് രൂക്ഷമായ യാത്രാക്ലേശം ഉണ്ടാകുമെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ,സി.എം.ഡി, കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള പ്രത്യക്ഷമായി പൊതുഗതാഗതത്തിനായി ഉപയോഗപ്പെടുത്തുന്നതും പരോക്ഷമായി പൊതുഗതാഗത്തിനു സഹായകരമായി ഉപയോഗിക്കുന്ന 15 വർഷത്തിനുമേൽ പഴക്കമുള്ളതും പരിവാഹനിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുതുമായ എല്ലാ വാഹനങ്ങളുടെയും രജിസ്ട്രേഷൻ കാലാവധി, ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളിൽ ഫിറ്റ്നസ് പരിശോധനക്ക് വിധേയമാക്കുന്നതിന്റെ തീയതി കേന്ദ്രം പുനർനിർണ്ണയിച്ച് നൽകിയ 30.09.2024 വരെയോ കേന്ദ്ര സർക്കാർ വാഹന സോഫ്റ്റ്വെയിറിൽ ഭേദഗതി വരുത്തുന്നത് വരെയോ, ഏതാണ് ആദ്യ തീയതി വരെ, നിലവിലുള്ള രജിസ്ട്രേഷൻ നമ്പർ നിലനിർത്തി ദീർഘിപ്പിച്ച് നൽകുന്നതിനും, സി.എഫ്. ഉടനടി പുതുക്കി നൽകുന്നതിനും , പൊതു താല്പര്യം മുൻനിർത്തി, ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
സി.എം.ഡി, കെ.എസ്.ആർ.ടി.സി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ് )

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Ratheesh R
സെക്ഷൻ ഓഫീസർ
Date: 03-05-2023 09:05:47